

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ. കെഎൽ എം /പി -11/1522/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/08/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ. കെഎൽ എം /പി -11/1522/24 തീയ്യതി: 29/08/2024

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സജികുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	23-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽ ആർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി അമ്പിളി ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനീഷ് വി. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി റജിന എ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വി.രാധാകൃഷ്ണൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. ചെറിയാൻ ജോർജ്ജ്	സെക്രട്ടറി	01-04-2023	06-09-2023
ശ്രീ. അരുൺനാഥ് ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-09-2023	16-09-2023
ശ്രീ. ചെറിയാൻ ജോർജ്ജ്	സെക്രട്ടറി	17-09-2023	03-01-2024
ശ്രീ. അരുൺനാഥ് ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-01-2024	07-01-2024
ശ്രീ. ചെറിയാൻ ജോർജ്ജ്	സെക്രട്ടറി	08-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അരുൺനാഥ് ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ഡോ.ധന്യ.ആർ.ദേവ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	06-09-2023

ഡോ.അസിത എ ജെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	07-09-2023	31-03-2024
ശ്രീമതി ബിന്ദു എം.എൽ.	ഹെഡ്മിസ്ട്രസ്സ്	01-04-2023	04-06-2023
ശ്രീമതി അഞ്ജലി സുരേന്ദ്രൻ	ഹെഡ്മിസ്ട്രസ്സ്--ഇൻ-ചാർജ്ജ്	05-06-2023	05-07-2023
ശ്രീമതി സുധ ജെ	ഹെഡ്മിസ്ട്രസ്സ്	06-07-2023	31-03-2024
ശ്രീ.സന്തോഷ് കുമാർ എസ്.	വി.ഇ.ഒ .	01-04-2023	31-03-2024
ശ്രീമതി ഷൈനി പി. എസ്.	വി.ഇ.ഒ .	01-04-2023	31-03-2024
ശ്രീമതി ബനാസിർ എസ് .	ഐ.സി.ഡി.എസ്. സുപ്പർവൈസർ	01-04-2023	31-03-2024
ശ്രീ.സുധീഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ഡോ.ദീപ പ്ലാസിഡ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി ശീലാവതി അമ്മ പി.	അക്രെഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ജി.എസ്	01-04-2023	31-03-2024
ഡോ. ജുനു വി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	11-10-2023
ഡോ.അഞ്ചു വിജയൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	12-10-2023	02-11-2023
ഡോ. ജുനു വി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	03-11-2023	31-03-2024
ഡോ. ബ്രിജില എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ശ്രീമതി. അനിത എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	Capital Work In Progress -തുക കൃത്യമല്ല	1-1-2
4	രേഖകൾ ലഭ്യമാക്കിയില്ല	1-1-3
5	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-5
7	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-6
8	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.	1-1-7
9	രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	ട്രഷറിയിൽ നിന്നും മാറാത്ത ബില്ലുകൾ എ.സി.ആറിൽ ചെലവായി ചേർത്തിരിക്കുന്നു	1-1-9
11	Loans, Advances, Deposits - നീക്കിയിരിപ്പിന്റെ വിശദാംശം ഇല്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തരനിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത	1-11
22	വസ്തുനികുതി പരിഷ്ക്കരണം - 2023-24	1-12
23	ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.	1-13
24	എൻ.ആർ.ഇ.ജി.എസ്- പുർത്തിയായ പ്രവർത്തികളിൽ- 2% ജി.എസ്.റ്റി. ഈടാക്കിയിട്ടല്ല	1-14
25	എം.സി.എഫിൽ കൺവെയർ ബെൽറ്റ് സ്ഥാപിക്കൽ -അഡ്വാൻസായി തുക നൽകിയെങ്കിലും പണി പൂർത്തിയാക്കിയില്ല	1-15
26	ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തി നടന്നിട്ടില്ല	1-16
27	11,39,857/-രൂപയുടെ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല	1-17
28	ലൈഫ് ഭവനപദ്ധതി ആദ്യ ഗഡു അഡ്വാൻസ് കൈപ്പറ്റിയശേഷം ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല	1-18
29	ഭവനപുനരുദ്ധാരണം - പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.	1-19
30	5,776/- രൂപ ജി.എസ്.ടി.-ടി.ഡി.എസ്. ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു	1-20
31	ഗ്രാമപഞ്ചായത്തിന് പുറത്തുള്ളവരുടെ പാട്ടകൃഷി -ഉടമവിഹിതം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ളവർക്ക് ആനുകൂല്യം നഷ്ടപ്പെടുത്തുന്നു	1-21
32	ഇ-ടെണ്ടർ ഫീസ് അടവാക്കിയില്ല	1-22
33	ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം ഒടുക്കുന്നില്ല	1-23
34	ILGMS- ഒരു കരാർ/ഡിമാന്റിന് എതിരെ നടത്തുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകളുടെ ഫയൽ ലിങ്ക് ചെയ്യുന്നില്ല-തനത് ഫണ്ട് ചെലവുകളുടെ പരിശോധന ദുഷ്കരമാകുന്നു	1-24
35	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ	1-25
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12-6-24 ലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 25/06/2024 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 29-08-2024.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 Capital Work In Progress -തുക കൃത്യമല്ല

Capital Work In Progress ആയി കാണിച്ചിരിക്കുന്ന തുക 12,80,068/-തുകയുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ ലഭ്യമല്ല.

1-1-3 രേഖകൾ ലഭ്യമാക്കിയില്ല

Other Liabilites ഹെഡിൽ ആയി കാണിച്ചിരിക്കുന്ന 5,57,328/-രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

അഡ്വാൻസ് ഇനത്തിൽ നൽകിയ തുകകൾ ഹെഡ് മാറി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.
(I)

ചെലവ് രേഖപ്പെടുത്തിയ ഹെഡ്	ചെലവ് തുക	അഡ്വാൻസ് തുക കൈപ്പറ്റിയ സ്ഥാപനം
Advance To Implementing Agencies KWA	4,34,900/-	Kallada Irrigation Project (LB)
Advance To Implmenting Agencies KSEB	2,50,000	PWD Electrical Division
Advance To Implmenting Agencies GWD	2,00,000	Kallada Irrigation Project (LB)

(II) ഇലക്ട്രിക് പോസ്റ്റ് ഷിഫിറ്റിംഗിനത്തിൽ കെ.എസ്.ഇ.ബി. യിൽ അഡ്വാൻസ് ചെലവഴിച്ച 24,986/- രൂപ Advance To Implenenting Agencies എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. (ചെക്ക് നമ്പർ 753871/20-3-24, ₹24,986/-)

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1. സി.എഫ്.സി. ബേസിക് ഗ്രാന്റ് ഇനത്തിൽ അലോട്ട്മെന്റ് വന്ന 18,08,000/- രൂപ ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല.

2. സി.എഫ്.സി. ബാങ്ക് അക്കൗണ്ടിലെ വർഷാവസാന നീക്കിയിരിപ്പ് തുകയും ലയബിലിറ്റി തുകയും (B4) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ഹെൽത്ത് ഗ്രാന്റ് ചെലവ് തുകകൾ സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

"പ്രയർ പീരിയഡ് ഇൻകം" – I-19 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഹെഡുകളിലെ തുകകൾ സാധൂകരിക്കുന്ന വിധത്തിലുള്ള ജേണൽ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-8 രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

(I) ലോൺ രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള ലോൺ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

- .ലൈഫ് ലോണിന്റെ ആകെ ചെലവ് 90,40,000/- രൂപയാണ്. എന്നാൽ പ്രോജക്ട് നമ്പർ 48/23-24 ന് വേണ്ടി 6-10-23 തീയതിയിലെ 621401 നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച 12,40,000/-രൂപയുടെ ചെലവ് എ.സി.ആർ, സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.
- .ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിലെ ആകെ ചെലവ് വാർഷിക കണക്കുകൾ പ്രകാരം 40,20,000/- രൂപയും എ.സി.ആർ, സുലേഖ പത്രിക എന്നിവ പ്രകാരം 39,60,000/- രൂപയും ആണ്. 27-2-24 തീയതിയിലെ 753851 നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച് ചെലവഴിച്ച 2,00,000/- രൂപയുടെ ചെലവ് സുലേഖ, എ.സി.ആർ. എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. 1,40,000/-രൂപയുടെ ചെലവ് (ചെക്ക് നം. 815202/31.03.2024) എ.എഫ്.എസ്-ൽ ഉൾപ്പെടുത്തിയിട്ടില്ല.
- .ലൈഫ് സ്റ്റേറ്റ് ഷെയർ ബാലൻസ് ആയി ബാക്കി നിൽക്കുന്ന തുക ധനകാര്യ പത്രിക പ്രകാരം 92,20,000/-രൂപയാണ്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ മറുപടി പ്രകാരം ബാക്കി നിൽക്കുന്ന തുക 90,60,0000/-രൂപയാണ്.

(II) അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ വിവിധ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-9 ട്രഷറിയിൽ നിന്നും മാറാത്ത ബില്ലുകൾ എ.സി.ആറിൽ ചെലവായി ചേർത്തിരിക്കുന്നു

ട്രഷറിയിൽ നിന്നും മാറാത്ത ബില്ലുകൾ എ.സി.ആറിൽ ചെലവായി ചേർത്തിരിക്കുന്നു.

പ്രോജക്ട്	ഫണ്ടിനം	അലോട്ട്മെന്റ് നമ്പർ	ബിൽ തുക (₹)
പാലിയേറ്റീവ് കെയർ 51/24	വികസനഫണ്ട് ജനറൽ	193/8-11-2023	11,826/-
117/24 മലയിൽ കൈക്കുഴിക്കൽ റോഡ് സൈഡ് വാൾ	മെയിന്റനൻസ് ഗ്രാന്റ് റോഡ്	672/27-3-24	35,500/-

എ.സി.ആർ. പ്രകാരം ചെലവായ തുകകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട്	ഫണ്ടിനം	അലോട്ട് മെന്റ് നമ്പർ	ബിൽ തുക (₹)
കോക്കനട്ട് ഡവലപ്പ്മെന്റ്	വികസനഫണ്ട് ജനറൽ	31/29-05-2023	1,12,500/-

1-1-10 Loans, Advances, Deposits - നീക്കിയിരിപ്പിന്റെ വിശദാംശം ഇല്ല

ബാലൻസ് ഷീറ്റ് B18 – Loans, Advances, Deposits ൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഇനങ്ങളുടെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. Advance To Implementing Agencies – PWD - ₹5,81,800/-
2. Advance To Implementing Agencies – KSEB - ₹20,93,131/-
3. Advance To Others - ₹5,00,000/-
4. Deposit With KWA— ₹30,89,549/-
5. Festival Advance – ₹20,000/-

1-2 ബജറ്റ്

18.03.23 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്ക്കരിച്ച ബജറ്റ് 08.01.24 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,70,26,202/-രൂപ
വരവ്	7,25,95,276/-രൂപ
ആകെ	8,96,21,478/-രൂപ

ചെലവ്	6,15,40,545/-രൂപ
നീക്കിയിരിപ്പ്	2,80,80,933/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	27,35,267/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	ലാപ്സായ തുക/ നീക്കിയിരിപ്പ് ₹
വികസനഫണ്ട് (ജനറൽ)	0	2,18,38,000/-	2,18,38,000/-	2,17,12,268/-	1,25,732/-
വികസനഫണ്ട് (എസ്.സി.പി.)	0	1,81,87,000/-	1,81,87,000/-/-	1,55,49,842/-	26,37,158/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക്	6,05,192/-	20,08,448/-	26,13,640/-	19,15,949/-	6,97,691/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക്	65,48,029/-	27,12,000/-	92,60,029/-	31,01,327/-	61,58,702/-
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	84,87,350/-	84,87,350/-	14,35,450/-	70,51,900/-
മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)	0	62,56,600/-	62,56,600/-	48,85,919/-	13,70,681/-
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്					
ലൈഫ് മിഷൻ - സംസ്ഥാന വിഹിതം	10,00,000/-	1,22,40,000/-	1,32,40,000/-	41,60,000/-	90,60,000/-
സാക്ഷരത	4,349/-	0	0	0	4,349/-
ശുചിത്വമിഷൻ ഗ്രാന്റ്	38,919/-	4,64,410/-	5,03,329/-	4,64,410/-	38,919/-
എസ്.എസ്.എ.	6,395/-	262/-	6,657/-	177/-	6,480/-
Best Panchayat Award	1,00,000/-	0	1,00,000/-	0	1,00,000/-
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
ICDS	4,01,028/-	21,13,349/-	25,14,377/-	20,00,000/-	5,14,377/-
TSC	11,55,864/-	0	11,55,864/-	2,04,000/-	9,51,864/-
MNREGS ഭരണചെലവുകൾ	1,158/-	12,07,074/-	12,08,232/-	12,07,074/-	1,158/-
SAGY	25,680/-	0	25,680/-	0	25,680/-
ആയുഷ് (ഹോമിയോ)	0	5,00,000/-	5,00,000/-	0	5,00,000/-
ആയുഷ് (ആയുർവേദം)	5,00,000/-	0	5,00,000/-	0	5,00,000/-
Award-Central Govt.	2,00,000/-	0	2,00,000/-	0	2,00,000/-
Welfare	94,000/-	0	94,000/-	0	94,000/-
ഹെൽത്ത് ഗ്രാന്റ്, പി.എച്ച്.സി	97,503/-	10,54,826/-	11,52,329/-	4,49,877/-	7,02,452/-
ഹെൽത്ത് ഗ്രാന്റ്, സബ് സെന്റർ	96,987/-	4,39,065/-	5,36,052/-	1,25,233/-	4,10,819/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
271	25,07,82,154/-	165	8,37,39,437/-	0	106	60.9%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. Coconut Development Programme, Project No. 205/24, Expenditure ₹1,12,500/-(Development Fund-General).

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്₹	വരവ് ₹	ആകെ ₹	ചെലവ്₹	നീക്കിയിരുപ്പ്₹
ഭരണചെലവുകൾ- MNREGA A/c	1,158/-	12,07,074/-	12,08,232/-	12,07,074/-	1,158/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	5,98,28,521/-	5,98,28,521/-	5,98,28,521/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹

കർഷകതൊഴിലാളി പെൻഷൻ	6,43,000/-
വിധവാപെൻഷൻ	1,50,69,500/-
വാർദ്ധക്യകാല പെൻഷൻ	2,72,95,000/-
വികലാംഗപെൻഷൻ	45,90,500/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	4,70,200/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2024 2.30 P.M. ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,636/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

ക്യാഷ് ബാലൻസ് പരിശോധനയിൽ ക്യാഷ് ബുക്ക് സമ്മറി പരിശോധിച്ചതിൽ ക്ലോസിങ് ബാലൻസ് ₹7,636/ രൂപയ്ക്ക് പകരം 4,595 /- രൂപയെ കാണിക്കുന്നുള്ളൂ. 25.07.2024 ദിവസത്തെ ഓപ്പണിംഗ് ബാലൻസ് 69,491/- രൂപയാണ്. 20.7.24 മുതൽ 24. 7. 24 വരെയുള്ള ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക 72,532/- രൂപയാണ്. ആയത് അന്നേ ദിവസം കോൺട്രാ ചെയ്തപ്പോൾ ക്യാഷ്ബുക്ക് സമ്മറി പ്രകാരം 3,041/- രൂപ (72532- 69491) ഫ്രണ്ട് ഓഫീസ് കളക്ഷനിൽ നിന്നും കുറവായി കാണിക്കുന്നു.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻകയറി നം. 18/31.07.24.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും ഐ.എൽ.ജി.എം.എസ്. വഴി രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട് ILGMS സോഫ്റ്റ് വെയറിൽ വൗച്ചറുകൾ സ്കാൻ ചെയ്ത് ഉൾപ്പെടുത്തുന്നതിലെ അപാകതകൾ പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ഇതിനു പകരം R-TRACK എന്ന് റോഡ് സർവ്വേ ചെയ്ത് വെബ് സൈറ്റിൽ വന്നിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പേരിൽകൂട്ടി കരം ഒടുക്കുന്നില്ല. പഞ്ചായത്ത് നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഫലപ്രദമായി ഇടപെടുന്നു. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	30.11.22	07/2022 മുതൽ 09/2022 വരെ	30.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.11.2019	2014-15 മുതൽ 2018-19 വരെ	23.12.2019

1-11 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത

1) ശ്രീ. അരുൺകുമാർ, സതി മന്ദിരം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 9/1234, 9/1235, 9/1236 എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ താഴെക്കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

എ) ശ്രീ. അരുൺകുമാർ, സതി മന്ദിരം എന്ന വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച് 9/1234, 9/1235, 9/1236 എന്നീ നമ്പറുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടുതൽ (കല്ലട-പൊരീക്കൽ റോഡ്) വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

ക്രമ നമ്പർ	കെട്ടിടത്തിന്റെ വിവരം	ഉടമയുടെ പേര്	വിസ്തീർണ്ണം ച.മീറ്റർ	ഉപയോഗ ക്രമം, നിരക്ക് (ച.മീറ്റർ)	സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ വിവരം	സഞ്ചയയിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (₹)	റോഡിന്റെ 20 % വർദ്ധനവ് കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹)
1	9/1234,	ശ്രീ. അരുൺകുമാർ	29.92 ച.മീ. 60/-രൂപ /ച.മീ. (ഗ്രൗണ്ട് ഫ്ലോർ)	വാണിജ്യാവശ്യം-100 ച.മീ വരെയുള്ളവ	കല്ലട-പൊരീക്കൽ റോഡ്	1795.2	359/-
2	9/1235,		17.16 ച.മീ			1029.6	206/-

			60/-രൂപ /ച.മീ. (ഒന്നാം നില)			
3	9/1236		46.54ച.മീ 60/-രൂപ/ച.മീ (ഒന്നാം നില + Head Room)		2792.4/-	559/-
ആകെ						1,124/-

ബി) ടി കെട്ടിടത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 139.6 M^2 തറവിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിൽ (GF- 58.76 M^2 + ഒന്നാം നില – 65.92 M^2 + Head Room 14.92 M^2) 93.62 M^2 (GF-29.92 + FF48.776 + Head Room 14.92) ന് നികുതി നിർണ്ണയിച്ചിട്ടുള്ളു. 45.98 M^2ന് നികുതി നിർണ്ണയിച്ചിട്ടില്ല.

സി) ടി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടത്തിനൊപ്പം എക്സിസ്റ്റിംഗ് കെട്ടിടം നിലനിൽക്കുന്നുണ്ട്. 333.3 ചതുരശ്ര മീറ്ററുള്ള റസിഡൻഷ്യൽ ഏരിയ, 63.08 ചതുരശ്ര മീറ്ററുള്ള വാണിജ്യാവശ്യത്തിനുള്ള കടമുറികൾ എന്നിവയാണ്. ആയതിൽ 273.9 ചതുരശ്ര മീറ്ററുള്ള (9/1151, (9/255) റസിഡൻഷ്യൽ ഏരിയയ്ക്ക് മാത്രമേ നികുതി നിർണ്ണയിച്ചിട്ടുള്ളു. 63.08 ചതുരശ്ര മീറ്ററുള്ള വാണിജ്യാവശ്യത്തിനുള്ളതിൽ 45.08 ചതുരശ്ര മീറ്ററിന് മാത്രമേ നികുതി നിർണ്ണയിച്ചിട്ടുള്ളു. കംപ്ലീഷൻ പ്ലാനിൽ വാണിജ്യാവശ്യം എന്ന് കാണിച്ചിരിക്കുന്ന 18 ചതുരശ്ര മീറ്ററുള്ള കടമുറിയെ (9/253) പാർപ്പിടാവശ്യം എന്ന് കാണിച്ച് നികുതി നിർണ്ണയിച്ചിരിക്കുന്നു. കൂടാതെ പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന ടി കെട്ടിടത്തിനൊപ്പം നിലനിൽക്കുന്ന കെട്ടിടങ്ങളെ ദ്വിതീയം, തൃതീയം എന്നീ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിരിക്കുന്നു. മുകളിൽ കൊടുത്തിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിലേക്കായി സ്ഥലപരിശോധന നടത്തി, നികുതി നിർണ്ണയം ചെയ്യേണ്ടതും, വിവരം അറിയിക്കേണ്ടതുമാണ്.

2) 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ (കൈതക്കോട്-മുളവന റോഡ്) വശങ്ങളാൽ സ്ഥിതി ചെയ്യുന്ന ഷിനു പി ഉണ്ണുണ്ണി എന്ന വ്യക്തിയുടെ 11/ 1015 നമ്പർ കെട്ടിടത്തെ 127.54 എം സ്കയർ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തെ നികുതി നിർണ്ണയത്തിൽ, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടമായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. കൂടാതെ പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന ടി കെട്ടിടത്തിനെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകിയിരിക്കുന്നു.

വിസ്തീർണ്ണം ച.മീറ്റർ ഉപയോഗ ക്രമം,	സഞ്ചയയിൽ നിർണ്ണയിച്ച വസ്തു നികുതി (₹)	ഈടാക്കേണ്ടിയിരുന്ന നികുതി (₹)
127.54 ച.മീ. 70/- രൂപ/ച.മീ. വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. താഴെ	127.54 X70= 8927.8/- ദ്വിതീയ മേഖല 10% ഇളവ് = 892.78/- നികുതി = 8035/- 5% LC = 402 ആകെ = 8437/-	127.54x70=8927.8/- റോഡ് 20 ശതമാനം വർദ്ധനവ് = 1785.56/- നികുതി = 10714/- 5% LC = 536/- ആകെ = 11250/-
നികുതി ഈടാക്കിയതിലെ വ്യത്യാസം = 11250-8437= 2,813/-		

മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

3) വിനോദ് കുമാർ, തിരുവാതിര എന്ന വ്യക്തിയുടെ 264.55 എം^{2} സ്കയർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നാലു വ്യത്യസ്ത നമ്പരുകൾ അപേക്ഷ പ്രകാരം (9/1214, 9/1215, 9/1216, 9/1217) അനുവദിച്ചിട്ടുണ്ട്. ഇതിൽ 9/1217 എന്ന കെട്ടിടത്തിന് 147.79 എം^{2} വിസ്തീർണ്ണമാണുള്ളത്. ടി കടമുറിയെ 100 എം^{2} വരെ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിൽ ഉൾപ്പെടുത്തി 60/- രൂപ നിരക്കിൽ നികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു.

വിസ്തീർണ്ണം ച.മീറ്റർ ഉപയോഗ ക്രമം,	സഞ്ചയയിൽ നിർണ്ണയിച്ച വസ്തു നികുതി (₹)	ഈടാക്കേണ്ടിയിരുന്ന നികുതി (₹)
147.79 ച.മീ. 70/-രൂപ/ച.മീ. വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. താഴെ	147.79 X60=8867.4/- റോഡ് 20 ശതമാനം വർദ്ധനവ് = 1773.48/- നികുതി = 10641/- 5%LC = 532 ആകെ = 11173/-	147.79 X70=10345.3/- റോഡ് 20 ശതമാനം വർദ്ധനവ്= 2069.06/- നികുതി = 12414/- 5%LC = 621/- ആകെ = 13035/-
നികുതി ഈടാക്കിയതിലെ വ്യത്യാസം = 13035- 11173 = 1,862/-		

വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി നം. 16/31.07.2024.

1-12 വസ്തുനികുതി പരിഷ്ക്കരണം - 2023-24

സ.ഉ(കൈ)നം. 77/2023/തസ്വഭവ തീയതി 22.03.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

അതുപോലെ തന്നെ 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം. 479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ നിലവിലുള്ള കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി ആയത് സംബന്ധിച്ച് കെട്ടിടത്തിന് ഉണ്ടായ മാറ്റങ്ങളും കെട്ടിടത്തെ സംബന്ധിച്ച് വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണയിക്കേണ്ടതുമുണ്ട്. ഇതിന് ആവശ്യമായ പരിശോധനകൾ 30/06/2023 മുൻപായി പൂർത്തീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആയതിന്റെ തൽസ്ഥിതി അന്വേഷിച്ച് നൽകിയ ഔഡിറ്റ് എൻകയറിക്ക്.

2023-24 വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി പുതുക്കി നിശ്ചയിച്ച് ആയത് പ്രകാരം വസ്തുനികുതി ഈടാക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. 19 വാർഡുകളിൽ രണ്ട് വാർഡുകളുടെ ഫീൽഡ് പരിശോധന മാത്രമേ പൂർത്തിയായിട്ടുള്ളൂ. ബാക്കി 17 വാർഡുകളിൽ ഉള്ള എല്ലാ കെട്ടിടങ്ങളുടെയും ശരിയായ വിവരങ്ങൾ ഫീൽഡ്തല പരിശോധന നടത്തികൊണ്ടിരിക്കുകയാണ്. സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിനായി സോഫ്റ്റ്വെയർ പരിഷ്കരിക്കുന്നതിനുള്ള ഉത്തരവ് വരാത്തതിനാൽ രേഖപ്പെടുത്തലുകൾ നടത്താൻ സാധിച്ചിട്ടില്ല. ഉത്തരവ് വന്നാലുടൻ സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം 3/26.07.2024.

1-13 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഹോംകോയ്ത്ത് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	അടങ്കൽ	ചെലവ് തുക (₹)	ബിൽ നം./തീയതി	തുക നൽകിയത് (₹)	ലഭിക്കാൻ അവശേഷിക്കുന്നത് (₹)
33/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	100000/- (മെയി. ഫണ്ട്- റോഡിതരം)	1,00,000/-	1/23 06.12.23	1,00,000/-	1,00,000/-

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻകയറിക്ക് മരുന്നുകൾ 26.07.24 ന് മുൻപ് ലഭ്യമാകുമെന്ന് ഹോംകോയിൽ നിന്നും അറിയിപ്പ് ലഭിച്ചുവെന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 1,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻകയറി നം. 1/24.07.24.
തടസ്സപ്പെടുത്തിയ തുക – 1,00,000/-രൂപ.

1-14 എൻ.ആർ.ഇ.ജി.എസ്- പൂർത്തിയായ പ്രവർത്തികളിൽ- 2% ജി.എസ്.റ്റി. ഈടാക്കിയിട്ടില്ല

2017 ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാകുമ്പോൾ ജി.എസ്.ടി. – ടി.ഡി.എസ്. നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13.09.2018 ലെ വിജ്ഞാപനം നം. 50/2018-Central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനങ്ങൾ നൽകിയിട്ടുള്ള വെണ്ടർമാരിൽ നിന്നും ഇപ്രകാരം ജി.എസ്.ടി. – ടി.ഡി.എസ്. നടത്തിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

വെണ്ടറുടെ പേര്	പ്രവൃത്തിയുടെ പേര്	സാധനങ്ങളുടെ വില (₹)	GST-TDS 2% (₹)
ശ്രീ. വേണുഗോപാൽ. കെ	സൂര്യമംഗലം പറങ്കിമാംവിള റോഡ് കോൺക്രീറ്റ്	4,08,566/-	8,171/-
ശ്രീ. പി. സുരേന്ദ്രൻ	മുകളിൽ ജംഗ്ഷൻ ഭരണത്ത് ഏലാ റോഡ് കോൺക്രീറ്റ്	3,04,691/-	6,094/-
ശ്രീ. പി. സുരേന്ദ്രൻ	ആറ്റുവാപറമ്പ് തലവരമ്പ് റോഡ് കോൺക്രീറ്റ്	8,59,576/-	17,192/-
		ആകെ	31,457/-

ജി.എസ്.ടി. – ടി.ഡി.എസ്. ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. – 17/31.07.2024.

1-15 എം.സി.എഫിൽ കൺവെയർ ബെൽറ്റ് സ്ഥാപിക്കൽ -അഡ്വാൻസായി തുക നൽകിയെങ്കിലും പണി പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ കൺവെയർ ബെൽറ്റ് സ്ഥാപിക്കൽ പദ്ധതിയ്ക്കായി IRTC യ്ക്ക് അൻപതു ശതമാനം തുക അഡ്വാൻസായി നൽകിയെങ്കിലും കൺവെയർ ബെൽറ്റ് സ്ഥാപിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹3,90,000/- (₹2,00,000/- കേന്ദ്രാവിഷ്കൃതം ₹1,90,000/- തനതു ഫണ്ട്)
ഫണ്ടിനം	കേന്ദ്രാവിഷ്കൃതം തനതു ഫണ്ട്
ചെലവ്	₹1,90,000/- (തനതു ഫണ്ട്)
ബിൽ നമ്പർ	753858/7-3-24

എം.സി.എഫിൽ കൺവെയർ ബെൽറ്റ് നിലവിൽ സ്ഥാപിച്ചിട്ടില്ല.

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ആയത് ഈ മാസം തന്നെ പ്രവർത്തനക്ഷമമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ അഡ്വാൻസായി IRTC യ്ക്ക് നൽകിയ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൺവെയർ ബെൽറ്റ് പ്രവർത്തനസജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ 6/27-7-24

തടസ്സപ്പെടുത്തിയ തുക – ₹1,90,000/-

1-16 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തി നടന്നിട്ടില്ല

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തുക നിക്ഷേപിച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തി നടത്തി പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്, നമ്പർ	അടങ്കൽ (₹)	ചെലവ് (₹)	ഫണ്ടിനം	ബിൽ നമ്പർ	തുക നിക്ഷേപിച്ച സ്ഥാപനം	റിമാർക്സ്
പൊരീക്കൽ സ്റ്റേഡിയം -റബർത്തോട്ടം റോഡ് 268/24	4,34,900/-	4,34,900/-	തനതുഫണ്ട്	4379114/ 12-1-24	കല്ലട ഇറിഗേഷൻ പ്രോജക്ട് (എൽ.ബി)	5,00,000/-രൂപയുടെ എസ്റ്റിമേറ്റ് നൽകിയെങ്കിലും 4,34,900/-രൂപ മാത്രമേ ഒടുക്കിയിട്ടുള്ളു. സി.എഫ്.സി. യിൽ നിന്ന് വകയിരുത്തിയ 65,100/-രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.
നെല്ലിയാർ മുകൾ വലിയ കുഴി റോഡ് കോൺക്രീറ്റീംഗ്	4,00,000/-	2,00,000/-	SCP	230402000 000014127	കല്ലട ഇറിഗേഷൻ പ്രോജക്ട് (എൽ.ബി)	4,00,000/-രൂപയുടെ എസ്റ്റിമേറ്റ് ആണ് 2,00,000/-രൂപ മാത്രമേ ഒടുക്കിയിട്ടുള്ളു. ബാക്കി തുക നൽകിയിട്ടില്ല.
11 വാർഡിൽ വിവധ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് 282/24	50,000/-	31,713/-	തനതുഫണ്ട്	689689/ 19-1-24-6727/- 753871/ 20-3-24- 24986/-	കേരള സംസ്ഥാന വൈദ്യുതി ബോർഡ്	തുക നൽകിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.
244/24പൊതു ടാപ്പുകളുടെ കണക്ഷൻ വിഛേദിക്കൽ	2,37,000/-	2,37,000/-	തനതുഫണ്ട്	477613/ 31-5-23	കേരള വാട്ടർ അതോറിറ്റി	തുക നൽകിയെങ്കിലും പ്രവൃത്തി സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിട്ടില്ല. നാളിതുവരെ പ്രവൃത്തി നടന്നതിന്റെ രേഖകൾ ലഭ്യമല്ല.
സ്ട്രീറ്റ് മെയിൻ വലിക്കൽ 70/24	7,00,000/-	3,51,797/-	തനതുഫണ്ട്	815199/ 31-3-24	കേരള സംസ്ഥാന	തുക നൽകിയെങ്കിലും

				95992/- 109977/- 815200/ 31-3-24 145828/-	വൈദ്യുതി ബോർഡ്	പ്രവൃത്തി ആരംഭിച്ചിട്ടില്ല.
ആയൂർവേദ ആശുപത്രിക്ക് വയറിംഗ് 89/24	2,50,000/-	2,50,000/-	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	13/14-2-24	പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം	തുക നൽകിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.
	ആകെ	13,05,410/-				

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 13,05,410/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിക്കാൻ തുടർനടപടി സ്വീകരിച്ച് പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 13,05,410/-രൂപ
ഓഡിറ്റ് എൻകയറി നമ്പർ 5/26.7.24.

1-17 11,39,857/-രൂപയുടെ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി.
2023-24 സാമ്പത്തിക വർഷം മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ചതിൽ 11,39,857/- രൂപയുടെ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട്	75/2023-24 ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും	53/2023-24 SN പുരം കുടംബാരോഗ്യ കേന്ദ്രം മരുന് വാങ്ങൽ	72/2023-24 പകർച്ച വ്യാധി -ജീവിത ശൈലീ രോഗ പ്രതിരോധ മരുന്ന് വാങ്ങൽ	51/2023-24 സാന്ത്വന പരിചരണം	275/2023-24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സംവിധാനം ഒരുക്കൽ
വകയിരുത്തിയ ഫണ്ട് /തുക	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്-₹350000/-	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്-₹1000000/-	വികസന ഫണ്ട് ജനറൽ ₹100000/-	വികസന ഫണ്ട് ജനറൽ 850000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം -₹100000/-	ഹെൽത്ത് ഗ്രാന്റ് – ₹1036000/-
ചെലവഴിച്ച തുക	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- ₹350000/-	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്-₹1000000/-	വികസന ഫണ്ട് ജനറൽ ₹100000/-	വികസന ഫണ്ട് ജനറൽ ₹735650/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം -0	ഹെൽത്ത് ഗ്രാന്റ് -₹449788/-
ബിൽ നം /തീയതി /തുക	06/03-07-2023= ₹350000/-	08/07-07-2023= ₹932124/-	07/26-06-2023 = ₹100000/-	05/07-07-2023	341/04-01-2024
സ്ഥാപനം	KMSCL	KMSCL	KMSCL	KMSCL	KMSCL
പെർഫോമ ഇൻവോയസ് നം	PRF404 Dt21/06/2023 =₹350000/-	PRF314 Dt08/06/2023 =₹932124/-	PRF406 Dt21/06/2023 =₹932124/-	PRF 405 Dt 21/06/2023 =₹334280/- PRF 485 Dt 01/07/2023 =₹40000/-	145/2023-24= ₹307523/-
ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം	₹73,607/-	₹2,13,133/-	₹45,526/-	PRF 405 Dt 21/06/2023 പ്രകാരം 1,57,071/- രൂപയുടെ മരുന്നുകളും PRF 485 Dt 01/07/2023 പ്രകാരം 4,00,000/- രൂപയുടെ ഉപകരണങ്ങളും	Haematology Analyser ₹1,64,138/- Centrfuge ₹49,715/- Binocular Microscope ₹36,667/-

11,39,857/-രൂപയുടെ മരുന്ന് / മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. മരുന്ന് / ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ11,39,857 രൂപായുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. – 11/29-07-2024.
തടസ്സപ്പെടുത്തിയ തുക – 11,39,857/-രൂപ.

1-18 ലൈഫ് ഭവനപദ്ധതി ആദ്യ ഗഡു അഡ്വാൻസ് കൈപ്പറ്റിയശേഷം ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

2023-24 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കായി കരാർ വച്ച് ആദ്യ ഗഡു മുൻകൂറായി കൈപ്പറ്റിയശേഷം ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം. – 48/2023-24 ഭവനനിർമ്മാണം (എസ്.സി.)
നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ., പവിത്രേശ്വരം സർക്കിൾ
ആകെ അടങ്കൽ – ₹8,64,00,000/-
(വികസന ഫണ്ട്-എസ്.സി.പി- ₹4228250/-,
സംസ്ഥാന വിഹിതം – ₹2,16,00,000/-,
ബ്ലോക്ക് പഞ്ചായത്ത് – ₹65,25,875/-,
ജില്ലാ പഞ്ചായത്ത് – ₹65,25,875/-,
വായ്പ – ₹4,75,20,000/-)
ആകെ ചെലവ് – ₹20,10,000/-

ഗുണഭോക്താവിന്റെ പേര് (ശ്രീ./ശ്രീമതി)	കൈപ്പറ്റിയ തുക (₹)	ബിൽ നം. /തീയതി
ശാന്ത, വാർഡ് -13	40,000/-	13/27-06-2023
ലീല, പ്ലാംതുണ്ടിൽ, വാർഡ് 10	40,000/-	05/20-06-2023
മാധവി, പനയംകോണം മേലതിൽ, വാർഡ് 7	40,000/-	11/27-07-2023
വിമല, മോനിഷ ഭവനം, വാർഡ് 10	40,000/-	05/20-06-2023
രമ സി, രേഷ്മ ഭവനം, വാർഡ് 12	40,000/-	08/27-06-2023
പൊന്നമ്മ ബി, കൊടിയലഴികത്ത്, വാർഡ് 9	40,000/-	07/27-06-2023
സോമൻ, സന്തോഷ് ഭവൻ, വാർഡ് 12	40,000/-	07/27-06-2023
ലത, രവിമന്ദിരം, വാർഡ് 7	40,000/-	07/27-06-2023
രമ എൻ എസ്, പ്രവീണ വിലാസം, വാർഡ് 15	40,000/-	05/20-06-2023
മണി റ്റി, കൃഷ്ണവിലാസം, വാർഡ് 11	40,000/-	05/20-06-2023
ലീല, ആൽത്തറവിള, വാർഡ് 12	40,000/-	11/27-07-2023

മേൽ ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും, അല്ലാത്തപക്ഷം അവർക്ക് നൽകിയ തുക നിയമാനുസൃതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി -10/29-07-2024.

1-19 ഭവനപുനരുദ്ധാരണം - പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

ഭവനപുനരുദ്ധാരണം പദ്ധതികളിൽ ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
പ്രോജക്ട് നം. – 49/2023-24 ഭവനപുനരുദ്ധാരണം, എസ്.സി.
ആകെ അടങ്കൽ - ₹45,60,000/- (വികസന ഫണ്ട്-എസ്.സി.പി.)
ആകെ ചെലവ് – ₹22,80,000/-

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (₹)	ബിൽ നം. /തീയതി
സത്യഭാമ, ബി എസ് വിഹാർ, വാർഡ് 17	30,000/-	30/12-12-2023
സുജ, രേവതി, വാർഡ് 4	30,000/-	29/12-12-2023
സത്യൻ, കാഞ്ഞിക്കൽ സംഗീത ഭവനം, വാർഡ് 2	30,000/-	41/10-01-2024
സുലോചന, ഹാജി ഭവനം, വാർഡ് 15	30,000/-	46/22-01-2024
വസന്ത, അരുൺ ഭവനം, വാർഡ് 5	30,000/-	53/25-03-2024

ടി ഗുണഭോക്താക്കളെക്കൊണ്ട് ഭവനപുനരുദ്ധാരണപ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നൽകിയ തുക നിയമാനുസൃതം തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. – 08/29-07-2024.

1-20 5,776/- രൂപ ജി.എസ്.ടി.-ടി.ഡി.എസ്. ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു

പ്രോജക്ട് നം. 38/2023-24 – വയോജനങ്ങൾക്ക് കട്ടിൽ.
നിർവഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ
അടങ്കൽ – വികസന ഫണ്ട് ജനറൽ – ₹6,61,200/-
ചെലവ് – വികസന ഫണ്ട് ജനറൽ – ₹3,40,800/-
2017 ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി. ബാധകമായ

സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാകുമ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ്. നടത്തേണ്ടതാണ് എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം. 50/2018-central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

പ്രോജക്ട് നം. 38/2023-24 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതിക്കായി ARTCO എന്ന് സ്ഥാപനത്തിന്റെ 17/01/2024 ലെ ഇൻവോയസ് നം. 167, 17/01/2024 ലെ ഇൻവോയസ് നം. 168 എന്നിവ പ്രകാരം 3,40,800/- രൂപയുടെ (288813+56120 GST) കട്ടിൽ (80 എണ്ണം 4260*80) വിതരണം ചെയ്തതിന് 26/03/2024 ലെ ബിൽ നം. 32, 26/03/2024 ലെ ബിൽ നം. 33 എന്നിവ പ്രകാരം 3,40,800/- രൂപ വികസന ഫണ്ട് (ജനറൽ) ARTCO എന്ന് സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. മേൽ നിയമ വ്യവസ്ഥ പ്രകാരം 5,776/- രൂപ ജി.എസ്.ടി-ടി.ഡി.എസ്. ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു. സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 5,776/-രൂപ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി -09/29-07-2023.

1-21 ഗ്രാമപഞ്ചായത്തിന് പുറത്തുള്ളവരുടെ പാട്ടകൃഷി -ഉടമവിഹിതം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ളവർക്ക് ആനുകൂല്യം നഷ്ടപ്പെടുത്തുന്നു

സ.ഉ.(കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022, 14-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ, ഖ. 6.1.8 പ്രകാരം തരിശ് കൃഷിക്ക് (നെൽകൃഷിക്ക്) ഭൂവുടമയ്ക്ക് ഹെക്ടർ 1 ന് 5,000/- രൂപ ഭൂവുടമ വിഹിതമായും, സബ്സിഡി മാർഗ്ഗരേഖ ഖ. 6.1.9 ലെ 4-ാം നമ്പർ വ്യവസ്ഥ പ്രകാരം സ്ഥിരം കൃഷിക്ക് ഹെക്ടർ 1 ന് 2500/- രൂപ പാട്ടത്തുകയായും അനുവദിക്കാം. എന്നാൽ പ്രോജക്ട് നം. 57- സമഗ്രനെൽകൃഷി, പ്രോജക്ട് നം. 207 – ഞങ്ങളും കൃഷിയിലേക്ക് എന്നീ പദ്ധതികളിൽ ഗ്രാമപഞ്ചായത്തിന് പുറത്തുള്ള നെൽകർഷകർക്ക് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ ഭവൂടമകളിൽ നിന്നും പാട്ടത്തിന് എടുത്ത ഭൂമിയിൽ കൃഷി നടത്തിയതിന് ആനുകൂല്യം അനുവദിച്ചതിൽ ഭൂവുടമ വിഹിതം/പാട്ടത്തുക എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം പഞ്ചായത്ത് പരിധിയിലുള്ളവർക്ക് ആനുകൂല്യം നഷ്ടപ്പെടുത്തുന്നു. മാത്രമല്ല പാട്ടത്തിനെടുത്ത ഭൂമിയടെ വിസ്തൃതിക്കനുസൃതമായ പാട്ടക്കരാർ കൃത്യമല്ല. വിശദവിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം	ഗുണഭോക്താവ്	തുക (₹)	ബിൽ നം.	അപാകത
57/2023-24 സമഗ്ര നെൽകൃഷി വികസനം	പ്രഭ മോഹൻദാസ് ഇല്ലിച്ചിറയിൽ പുറക്കാട്	20,545/-	9/06-12-2023	5 ഏക്കർ ഭൂമിക്ക് പൂട്ട് കൂലി ഇനത്തിൽ തുക അനുവദിച്ചു. 4 പേരിൽ നിന്നും 3 ഏക്കർ ഭൂമിയുടെ പാട്ടകരാർ ഉണ്ട്. 2 ഏക്കർ കൃഷിയിടത്തിന് പാട്ടക്കരാർ ഇല്ല.
		16,413/-	14/21-2-24	
	വിമലകുമാരി പുത്തൻവിളതെക്കതിൽ	20,545/-	9/06-12-2023	5 ഏക്കർ ഭൂമിക്ക് പൂട്ട് കൂലി ഇനത്തിൽ തുക അനുവദിച്ചു. 5 ഏക്കർ ഭൂമിയുടെ പാട്ടകരാർ ഉണ്ട്. പാട്ടകരാറിൽ പ്രതിപാദിക്കുന്നവരുടെ കരം അടച്ച രസീത് പകർപ്പില്ല.
		16,413/-	14/21-2-24	
207/2023-24 ഞങ്ങളും കൃഷിയിലേക്ക് – തരിശ് കൃഷി വികസനം	ശ്യാംലാൽ പുത്തൻവിള മാവേലിക്കര	44,112/-	34/26-03-2024	3.16 ഏക്കർ ഭൂമിക്ക് തരിശ്ശുഷി കർഷക വിഹിതം ഇനത്തിൽ തുക അനുവദിച്ചു. കൃഷിയിടത്തിന് പാട്ടക്കരാർ ഇല്ല.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻകയറിക്ക് (ഓഡിറ്റ് എൻകയറി -19/31-07/2023) ലഭ്യമാക്കിയ മറുപടിയിൽ നെൽകൃഷി ഒരു പാടശേഖരത്തിൽ പൂർണമായി നടപ്പാക്കാൻ ശ്രമിക്കുമ്പോൾ സ്ഥിരതാമസമില്ലാത്ത വ്യക്തികളുടെ ഭൂമിയിലും നടപ്പാക്കേണ്ടി വരുന്നതിനാലാണ് കരം ഒടുക്ക് രസീത്, പാട്ടക്കരാർ എന്നിവ പൂർണമല്ലാത്തത് എന്നും തുടർവർഷങ്ങളിൽ അപാകത പരിഹരിച്ച് നിർവഹണം നടത്തുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ഭൂവുടമ വിഹിതം/പാട്ടത്തുക എന്നിവ ഉൾപ്പെടുത്തി പദ്ധതി നിർവഹണം നടത്തുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-22 ഇ-ടെണ്ടർ ഫീസ് അടവാക്കിയില്ല

ഇ-ടെണ്ടർ ഫീസ് രേഖകൾ ഹാജരാക്കിയത് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്നിട്ടുള്ള 1,12,455/-രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വിശദവിവരം താഴെ ചേർക്കുന്നു.

കാലയളവ്	ബാങ്കിന്റെ പേര്	തുക (₹)
18/11/23 മുതൽ 12/3/24 വരെ	എസ്.ബി.ഐ, പുത്തൂർ. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ട് നം. 37680230865	1,12,455/-
	ആകെ	1,12,455/-

മേൽ തുക കൂടാതെ ജില്ലാ പഞ്ചായത്തിൽ അടവായ ഇ-ടെണ്ടർ ഫീസ് വിവരങ്ങൾ ആവശ്യപ്പെട്ടങ്കിലും ആയത് ലഭ്യമാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. കൂടാതെ ടി ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. – 2 തിയതി 25/7/24.

1-23 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം ഒടുക്കുന്നില്ല

2023 -24 സാമ്പത്തിക വർഷം ഓഡിറ്റിന്റെ ഭാഗമായി ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ പ്രദേശങ്ങളിലുള്ള ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം ഒടുക്കുന്നതായി കാണുന്നില്ല. 1 ആർ ൽ കൂടുതൽ വിസ്തീർണം ഉള്ളവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഭൂമിയുടെ വിവരം	റീസർവേ വിവരം	വിസ്തീർണം (ആർ)	അപാകത
ഗ്രാമ പഞ്ചായത്ത് ഓഫീസ്	ലഭ്യമല്ല	40.46	ഭൂമി വാങ്ങിയതിന്റെയോ, ദാനം ലഭിച്ചതിന്റെയോപ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
പൊരീക്കൽ ജം മാർക്കറ്റ് വാർഡ് 9	ലഭ്യമല്ല	8.85	ഭൂമി വാങ്ങിയതിന്റ പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
ശ്മശാനഭൂമി വാർഡ് 17	ലഭ്യമല്ല	20.23	ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
വാർഡ് 2 മൈതാനം	ലഭ്യമല്ല	16.19	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് പാങ്ങോട് വാർഡ് 17	ലഭ്യമല്ല	1.63	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
ആയൂർവേദ ഡിസ്പെൻസറി	ലഭ്യമല്ല	10.11	പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആണോ എന്ന് വ്യക്തമല്ല. കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
158-ാം നം. അംഗൻവാടി	ലഭ്യമല്ല	1.22	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
പായികോണം അംഗൻവാടി	ലഭ്യമല്ല	1.64	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
ഹോമിയോ ഡിസ്പെൻസറി വാർഡ് 4	ലഭ്യമല്ല	1.93	പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആണോ എന്ന് വ്യക്തമല്ല. കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
ചെറുപൊയ്ക വാണിവിള തരിശ് വാർഡ് 14	ലഭ്യമല്ല	5.84	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
പവിത്രേശ്വരം മലനട അംഗൻവാടി	ലഭ്യമല്ല	2.10	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
ശിശു മന്ദിരം, റബ്ബർതോട്ടം	ലഭ്യമല്ല	6.47	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
പവിത്രേശ്വരം പി എച്ച് സി ഇതിക്കുഴി	ലഭ്യമല്ല	40.47	പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആണോ എന്ന് വ്യക്തമല്ല.കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
പവിത്രേശ്വരം പി എച്ച് സി വാർഡ് 10	ലഭ്യമല്ല	10.16	പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആണോ എന്ന് വ്യക്തമല്ല. കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
ആഗ്രോ സെന്റർ	ലഭ്യമല്ല	1.68	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
99-ാം നം. അംഗൻവാടി മാറനാട് തെക്ക്	ലഭ്യമല്ല	1.61	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
100-ാം നം. അംഗൻവാടി വാർഡ് 6	ലഭ്യമല്ല	2.2	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
പവിത്രേശ്വരം സാംസ്കാരിക നിലയം	ലഭ്യമല്ല	20.23	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
158-ാം നം. അംഗൻവാടി	ലഭ്യമല്ല	2.2	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
അംഗൻവാടി പുന്തലക്കോട്	ലഭ്യമല്ല	1.38	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
അംഗൻവാടി ഇതിക്കുഴി	ലഭ്യമല്ല	2.2	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
S.N പുരം ലക്ഷം കോളനി അംഗൻവാടി-വാർഡ് 16	ലഭ്യമല്ല	2.2	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
ഈനാംകല്ലിൽ ഭാഗം	ലഭ്യമല്ല	4.45	ഭൂമിയുടെ വിവരം ലഭ്യമല്ല.
മാറനാട് ജയന്തി	ലഭ്യമല്ല	2.2	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം

കോളനി അംഗൻവാടി			ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
മാറനാട് ജയന്തി കോളനി	ലഭ്യമല്ല	5.66	ഭൂമിയുടെ വിവരം ലഭ്യമല്ല.
98-ാം നം. അംഗൻവാടി	ലഭ്യമല്ല	5.91	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
153-ാം നം. അംഗൻവാടി വാർഡ് -13	ലഭ്യമല്ല	22.92	ആസ്തി രജിസ്റ്ററിൽ ഭൂമിയുടെ വിസ്തീർണം രേഖപ്പെടുത്തൽ കൃത്യമാക്കണം. പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
വെറ്റിനറി ഹോസ്പിറ്റൽ വാർഡ് 9	ലഭ്യമല്ല	4.5	പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആണോ എന്ന് വ്യക്തമല്ല. കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.
179-ാം നം. അംഗൻവാടി വാർഡ് -	ലഭ്യമല്ല	1.21	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല .
96-ആം നം അംഗൻവാടി വാർഡ് -	ലഭ്യമല്ല	1.21	പ്രമാണം ലഭ്യമല്ല. ഭൂമി പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കളുടെ റവന്യൂരേഖകൾ കണ്ടെത്തി കൃത്യമായി സൂക്ഷിക്കേണ്ടതും, മുഴുവൻ വസ്തുക്കളും പഞ്ചായത്തിന്റെ പേരിൽകൂട്ടി കരം ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി നം. - 17/31/07/2024.

1-24 ILGMS- ഒരു കരാർ/ഡിമാന്റിന് എതിരെ നടത്തുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകളുടെ ഫയൽ ലിങ്ക് ചെയ്യുന്നില്ല-തനത് ഫണ്ട് ചെലവുകളുടെ പരിശോധന ദുഷ്കരമാകുന്നു

2023-24 സാമ്പത്തിക വർഷം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതിയേതര ചെലവുകൾക്ക് ആധാരമായ ക്ലെയിമുകൾ /ഇൻവോയ്സ്, വൗച്ചറുകൾ എന്നിവ, ILGMS നടപ്പാക്കിയ സാഹചര്യത്തിൽ ILGMS ൽ സ്കാൻ ചെയ്ത് സോഫ്റ്റ് കോപ്പിയായാണ് പരിപാലിക്കുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ ILGMS Login-ൽ അക്കൗണ്ട് ശീർഷകങ്ങൾ അടിസ്ഥാനമാക്കി തനത് ഫണ്ട് ചെലവുകളുടെ പരിശോധന നടത്തിയതിൽ ഒരു കരാർ/ഡിമാന്റിന് എതിരെ ഓരേ അക്കൗണ്ട് ശീർഷകത്തിൽ നടത്തേണ്ടിയിരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകളുടെ ഫയൽ ലിങ്ക് ചെയ്യാത്തത് മൂലവും ഓരേ അക്കൗണ്ട് ശീർഷകത്തിൽ ബുക്ക് ചെയ്യാതിരുന്നതിനാലും, ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പള /വേതന ബില്ലുകൾ തയ്യാറാക്കുന്ന സ്ഥാപന സോഫ്റ്റ് വെയർ വെബ് ബെയ്സ്ഡ് അല്ലാത്തതിനാൽ, ILGMS മായി ഇന്റഗ്രേറ്റ് ചെയ്യാത്തത് മൂലവും ശമ്പള കുടിശ്ശിക ബില്ലുകൾ സോഫ്റ്റ് വെയറിൽ നിന്നും ജനറേറ്റ് ചെയ്യാത്തത് മൂലവും, വൈദ്യുതി /വെള്ളക്കരം പോലുള്ള ആവർത്തന ചെലവുകളുടെ ഡിമാന്റും, ഒടുക്കും കൺസ്യൂമർ നം. ആടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ILGMS സോഫ്റ്റ് വെയറിൽ ഇൻബിൽട്ടായി ഉൾപ്പെടുത്താത്ത് മൂലവും, പ്രത്യേക സ്റ്റേഷനറി ഉപയോഗിക്കാതെ തന്നെ രസീതുകളുടെ സോഫ്റ്റ് കോപ്പി നൽകുന്ന രീതി ILGMS ൽ നടപ്പാക്കിയ സാഹചര്യത്തിൽ Earnest Money Deposit, Security Deposit, Contractors Retention, തുടങ്ങിയവയുടെ നിക്ഷേപവും – തിരികെ നൽകലും രേഖപ്പെടുത്തുന്ന രജിസ്റ്റർ ILGMS സോഫ്റ്റ്റ്വെയറിൽ ഇൻബിൽട്ടായി ഉൾപ്പെടുത്താത്ത് മൂലവും 2023-24 സാമ്പത്തിക വർഷം തനത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതിയേതര ചെലവുകളുടെ പരിശോധന പൂർണമായി നടത്താൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത് എന്ന വിവരം ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ചെലവ് ഇനം	അക്കൗണ്ട് ശീർഷകം	ഫയൽ നം	വൗച്ചർ	തുക (₹)	റിമാർക്സ്
കുടിവെള്ള വിതരണം	256100103	400289/WSDW02/ GPO/2023/3095	22300178 27/06 /2023	121455/-	കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട് ശ്രീ. എബിൻ തോമസ് എന്ന വ്യക്തിക്ക് കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിതന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കരാർ അംഗികരിച്ച് നടത്തിയ വിവിധ തീയതികളിൽ നടത്തിയ ചെലവുകൾ ഓരോ പ്രത്യേക ഫയൽ ആരംഭിച്ചത് പ്രധാന ഫയലുമായി ബന്ധപ്പെടുത്തിയില്ല. വ്യത്യസ്ത ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തി മേൽ പ്രവൃത്തിക്ക് സമർപ്പിച്ച കവട്ടേഷനുകൾ, കംപാരറ്റീവ് സ്റ്റേറ്റ്മന്റ്, എന്നിവയൊന്നും തന്നെ ILGMS സോഫ്റ്റ്റ്വെയറിൽ സോഫ്റ്റ് കോപ്പിയായി ഉൾപ്പെടുത്തിയില്ല.
	256100110	400289/WSDW02/ GPO/2023/2212	22300091 9-05-2023	105525/-	
		400289/WSDW02/ GPO/2023/2699	22300148 08-06-2023	84600/-	
	230800111	400289/WSDW02/ GPO/2024/710	22300782 /14-02-2024	45700/-	
ശമ്പള കുടിശ്ശിക	210100101	400289/GAES13/ GPO/2023/2590	22300119 31-05-2023	74232/-	സേവനത്തിൽ നിന്നും വിരമിച്ച സെക്രട്ടറി ശ്രീ. വൈ നിസാറിന്റെ 01/07/2019 മുതൽ 28/02/2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക തുക കണക്കാക്കുന്നതിന് തയ്യാറാക്കിയ ഡ്യൂ -ഡ്രോൺ പത്രിക സ്ഥാപന സോഫ്റ്റ്റ്വെയറിൽ ജനറേറ്റ് ചെയ്യാൻ കഴിയാത്തതിനാൽ ഡ്യൂ -ഡ്രോൺ പത്രിക പ്രത്യേകം തയ്യാറാക്കിയതാണ്. സ്ഥാപന സോഫ്റ്റ്റ്വെയർ വെബ് ബെയ്സ്ഡ് അല്ലാത്തതിനാൽ 01/07/2009 മുതൽ 31/12/2019

					വരെ 28% നിരക്കിലും 01/01/2020 മുതൽ 30/06/2020 വരെ 32% നിരക്കിലും 01/07/2020 മുതൽ 28/02/20121 വരെ 36% നിരക്കിലും പ്രീറിവൈസ്സ് ശമ്പളസ്കെയിലിൽ ഡ്രോൺ ചെയ്തതായി രേഖപ്പെടുത്തിയ തുകയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-25 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

അടിസ്ഥാനവിവരങ്ങൾ

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലെ 9182 കുടുംബങ്ങളിൽ നിന്നും, 607 സ്ഥാപനങ്ങളിൽ നിന്നും 38 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു. വീടുകളിൽ നിന്നും പ്രതിമാസം അൻപതു രൂപയും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസം നൂറു രൂപയുമാണ് ഈടാക്കി വരുന്നത്.

മാലിന്യശേഖരണ കാര്യക്ഷമത

എല്ലാ മാസവും 20 മുതൽ 30 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവർത്തനം നടത്തുന്നു. അടുത്ത മാസം അഞ്ചാം തീയതി വരെ തരംതിരിക്കൽ നടത്തുന്നു. ക്യൂ.ആർ. കോഡ് പതിച്ച് 'ഹരിതമിത്രം' ആപ്പിൽ ഉൾപ്പെടുത്തിയതുവഴി എല്ലാ ഭവനങ്ങളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്വെയറിലെ വീടുകളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ 100% യൂസർഫീ ഈടാക്കാൻ കഴിയുന്നില്ല.

മാലിന്യവേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ 100%വും വേർതിരിച്ച് ക്രമീകരിക്കുന്നു. തരംതിരിച്ച അജൈവ മാലിന്യങ്ങൾ 'പാണ്ടാസ് വേൾഡ് എക്കോസൊല്യൂഷൻ' എന്ന സ്ഥാപനത്തിനാണ് കൈമാറുന്നുത്.

റീസൈക്ലിംഗ്

മാലിന്യങ്ങളിൽ നിന്നും പുനരുപയോഗ സാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല.

തൊഴിൽ സൃഷ്ടിക്കൽ

ഗ്രാമപഞ്ചായത്തിൽ നിലവിൽ 38 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുകകളാണ് മുഖ്യ വരുമാന സ്രോതസ്സുകൾ. വരവു തുകകൾ നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്ന തുകയിൽ 10% അക്കൗണ്ടിൽ നിലനിർത്തിയ ശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 6250/- രൂപ ശരാശരി വേതനമായി ലഭിക്കുന്നുണ്ട്. കൺസോർഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാവർഷവും ഓണത്തോടനുബന്ധിച്ച് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, ഹരിതകർമ്മസേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു. വയബലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വന്നിട്ടില്ല.

അടിസ്ഥാനസൗകര്യ വികസനം

പഞ്ചായത്തിന് ബെയിലിംങ് സംവിധാനത്തോടുകൂടിയ ഒരു സ്ഥിര എം.സി.എഫ്. കരിമ്പിൻ പുഴ വാർഡിലും (പഞ്ചായത്തിന് ഓഫിസിന് സമീപം), താത്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്തിയ എം.സി.എഫ്. വാർഡ് – 5 ലും, മിനി എം.സി.എഫ്. -19 വാർഡുകളിലും ഉണ്ട്. മാലിന്യ നീക്കത്തിന് സ്വന്തമായി ഒരു ഇലക്ട്രിക് മുച്ചക്ര വാഹനം സജ്ജമാക്കിയിട്ടുണ്ട്. ഇലക്ട്രിക് മുച്ചക്ര വാഹനം ഓടിക്കുന്നതിന് ഹരിതസേനാംഗങ്ങൾക്ക് പരിശീലനം നൽകാൻ കഴിഞ്ഞിട്ടില്ല. നിലവിലും പുറത്തുനിന്നും ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയോഗിച്ച് പഞ്ചായത്ത് ഫണ്ടിൽനിന്നും പ്രതി ദിനം 730/-രൂപ നിരക്കിൽ വേതനം നൽകി വരുന്നു. ഇത്തരത്തിലുള്ള ആവർത്തന ചെലവ് ഒഴിവാക്കേണ്ടതാണ്.

പാരിസ്ഥിതിക ആഘാതം-കൈക്കൊണ്ട നടപടികൾ

അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസിസ്റ്റന്റ് സെക്രട്ടറി നോഡൽ ഓഫീസർ ആകുന്ന വാർ റൂം പോർട്ടൽ തദ്ദേശ സ്വയംഭരണ വകുപ്പുതന്നെ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഈ പോർട്ടൽ വഴി പൊതു ജനങ്ങൾക്ക് മാലിന്യം സംബന്ധമായ പരാതികൾ ഫോട്ടോ സഹിതം അപ് ലോഡ് ചെയ്യാൻ സാധിക്കും. 2023-24 വർഷത്തിൽ ഇത്തരത്തിൽ ലഭ്യമായ 4 പരാതികൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് സർക്കാർ ഏജൻസികൾ വഴിയും അല്ലാതെയും പരിശീലനങ്ങൾ നൽകുന്നുണ്ട്. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സോഷ്യോ എക്കണോമിക്കൽ ഫൗണ്ടേഷൻ എന്ന ഏജൻസി വഴി 2024 April 06, 08, 09 തീയതികളിൽ പരിശീലനം നൽകിയിരുന്നു.

നിയമങ്ങൾ പാലിക്കൽ

മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെ നിയമ പ്രകാരമുള്ള ബോർഡുകളും പോസ്റ്ററുകളും പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പവിത്രേശ്വരം മലനട 4-ാം വാർഡിൽ 2 CCTV സ്ഥാപിച്ച് മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരീക്ഷിക്കുന്നുണ്ട്.

ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

സമിതിയുടെ പ്രവർത്തനങ്ങളും ഇടപെടലുകളും കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ വ്യക്തമാക്കുന്നു. ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ എം.സി.എഫ് ലേക്ക് നീക്കുന്നതിന്റെ വാഹന ഡ്രൈവറുടെ വേതനചെലവ്, ലെഗസി മാലിന്യങ്ങൾ ഒഴിവാക്കുന്നതിന്റെ ചെലവ്, ഹരിത സഹായ സ്ഥാപന പ്രതിനിധിയുടെ വേതനമിനത്തിൽ ഒടുക്കുവരുത്തുന്ന തുക എന്നിങ്ങനെ വിവിധയിനങ്ങളിൽ, ചെലവുകൾ പഞ്ചായത്തിന് വഹിക്കേണ്ടി വരുന്നു. യൂസർ ഫീസ് ഇനത്തിലുള്ള വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി 6250/- രൂപ മാത്രമാണ് പ്രതിമാസ വേതനമിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഹരിതകർമ്മസേന വരവ് – ചെലവ് : 2023-24

ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്	കൈമാറിയ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്	പ്ലാസ്റ്റിക് വിൽപ്പന വരവ് (രൂപ)	യൂസർ ഫീ വരവ് (രൂപ)	ആകെ വരവ് (രൂപ)	ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ വേതനം (രൂപ)
73280 കി.ഗ്രാം	70280 കി.ഗ്രാം	464065/-	3339775/-	3803840/-	3180993/-

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

അടിസ്ഥാനവിവരങ്ങൾ

ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ്, തൊപ്പി, ഷൂ, റെയിൻകോട്ട്, തിരിച്ചറിയൽ കാർഡ് തുടങ്ങിയവ പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. എം.സി.എഫിന് അനുബന്ധമായി ഡ്രസ്സിംഗ് റൂം, ശുചിമുറികൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും സമയബന്ധിതമായി എല്ലാ മാസവും അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നു. എങ്കിലും മിനി എം.സി.എഫുകളിലെ സ്ഥലപരിമിതി മൂലം വഴിയോരങ്ങളിൽ പലയിടങ്ങളിലും സേനാംഗങ്ങൾ ശേഖരിച്ച അജൈവ മാലിന്യങ്ങൾ നിറച്ച ചാക്കുകെട്ടുകൾ സൂക്ഷിക്കേണ്ട അവസ്ഥ നിലവിലുണ്ട്.

മാലിന്യ സംഭരണ ശേഷി

കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം.സി.എഫിൽ സംഭരണ ശേഷി ഇല്ല. ആകെ 1200 ചതുരശ്ര അടി മാത്രമാണ് എം.സി.എഫ്-ന്റെ വിസ്തൃതി. എം.സി.എഫിൽ നടത്തുന്ന വിവിധ ഇനം പ്രവൃത്തികൾക്കായി പ്രത്യേകം വേർതിരിക്കപ്പെട്ട സ്ഥല സൗകര്യങ്ങൾ ഇല്ല.

നിർദ്ദേശങ്ങൾ

1. പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്മാർട്ട് ഗാർബേജ് ആപ്പ്, ഹരിത കാർഡ് എന്നിവ നടപ്പിലാക്കി എല്ലാ ഭവനങ്ങളിൽ നിന്നും യൂസർ ഫീ കളക്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. എം.സി.എഫിന്റെ സ്ഥലപരിമിതി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്..

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	24.07.24, 25.07.24	കെ.എസ്.എ.കെ.എൽ.എം.പി.11/1522/24 തീയതി – 29/08/2024

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2023-24	252513/-	ക്ഷീരകർഷകർക്കുള്ള പാലിനുള്ള സബ്സിഡി – 20/24	252513/-	0
ജില്ലാ പഞ്ചായത്ത്	2023-24	880000/-	ലൈഫ് ഭവന നിർമ്മാണം എസ്.സി. – 48/24	880000/-	0
ജില്ലാ പഞ്ചായത്ത്	2023-24	400000/-	അങ്കണവാടി പോഷകാഹാര പദ്ധതി എസ്.സി.പി. – 36/24	400000/-	0
ജില്ലാ പഞ്ചായത്ത്	2023-24	100000/-	സ്കോളർഷിപ്പ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ - 37/24	100000/-	0
ജില്ലാ പഞ്ചായത്ത്	2023-24	242772/-	അങ്കണവാടി പോഷകാഹാര പദ്ധതി – 35/24	130221/-	1,12,551
ബ്ലോക്ക് പഞ്ചായത്ത്	2023-24	205160/-	സമഗ്ര നെൽകൃഷി വികസനം – 57/24	205160/-	0

ബ്ലോക്ക് പഞ്ചായത്ത്	2023-24	250000/-	അങ്കണവാടി പോഷകാഹാര പദ്ധതി – 35/24	250000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	250000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ – 37/24	250000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	400000/-	ലൈഫ് ഭവന പദ്ധതി – 41/23	400000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	4040000/-	ലൈഫ് ഭവന നിർമ്മാണം എസ്.സി. – 48/24	4040000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	600000/-	ക്ഷീരകർഷകർക്കുള്ള പാലിനുള്ള സബ്സിഡി – 20/24	600000/-	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ)
KSEB	പോസ്റ്റ് ഷിഫ്റ്റിംഗ് 282/24	6727/- (689689/19-1-24) 24986/- (753871/20-3-24)	31713/-	0	31713/-
KSEB	സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ 70/24	95992/- (815199/31-3-24) 109977 (815200/31-3-24) 145828 (815200/31-3-24)	351797/-	0	351797/-
KIP(LB)	പൊരീക്കൽ സ്റ്റേഡിയം -റബർത്തോട്ടം റോഡ് 268/24	ചെക്ക് നമ്പർ-4379114/12-1-24	434900/-	0	434900/-
KIP(LB)	നെല്ലായാർ മുഗൾ വലിയകുഴി റോഡ് കോൺക്രീറ്റിംഗ് 278/24	ചലാൻ നമ്പർ 230402000 000014127	2,00,000/-	0	2,00,000/-
PWD	ആയൂർവേദാശുപത്രിക്ക് വയറിംഗ് 69/24	13/14-2-24	2,50,000/-	0	2,50.000/-
KWA	പൊതു ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കൽ 244/24	477613/ 31-5-23	2,37,000/-	0	2,37,000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,45,20,000/- രൂപ വരവുണ്ട്. മുൻബാക്കി വിവരങ്ങൾ ലഭ്യമല്ല. തൻവർഷം ലഭിച്ച 1,45,20,000/-രൂപയിൽ 1,02,80,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ)	തൻവർഷം തിരിച്ചടച്ച തുക (രൂപ)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
ലൈഫ്	G.O.(M.S)NO.68/2018 LSGD	1,45,20,000/-	1,54,62,263/-	38,46,847/-	-	2,61,35,416/-

ലോൺ രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ആണ് ചേർത്തിരിക്കുന്നത്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 90,665/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/തീയതി
2019-20	3-1	19,276/-	ശ്രീമതി ഇന്ദിര, ICDS	1230000363/GO20306 - 31.3.24
2018-19	3-2	71,389/-	ശ്രീമതി ഇന്ദിര, ICDS	1230000363/GO20306 - 31.3.24

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ്

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99	37	2004-05	3-1	തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2007-08	സ്പെഷ്യൽ റിപ്പോർട്ട്	2011-12	4-6	ആശ്രയാ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപ് തുകചെലവഴിച്ചു.	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	വിഷയാധിഷ്ഠിത അവലോകനം റിപ്പോർട്ടുകൾ നിഷ്ക്രീയ ആസ്തികൾ	2014-15	4.1.6 4.1.7		1997-98 വർഷം എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പി.എച്ച്.സി. കെട്ടിടം 2013-14 വർഷം 5,55,306/-രൂപ ചെലവഴിച്ച തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. 2015-16 വാർഷിക പദ്ധതിയിൽ 3,00,000/-രൂപ വകയിരുത്തിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തി സ്റ്റിൽഓവർ പ്രോജക്ട് തുടരുന്നു.
2014-15	വിഷയാധിഷ്ഠിത അവലോകനം - നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണം	2014-15	4.2.15	ചാലായത്ത് കടവിൽ നദീതീരം കൈയ്യേറി കൃഷി ചെയ്യുന്നു.	ചാലായത്ത് കടവിൽ കൃഷി നടത്തുന്ന ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നറിയുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്തു നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു.
2019-20	1-24	2021-22	2.1 (11)	ദേശീയ തൊഴിലുറപ്പു പദ്ധതി – ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു.	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	1,00,000/-	ഡോ. ബ്രിജില എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ).
1-15	1,90,000/-	ശ്രീ. ചെറിയാൻ ജോർജ്ജ്, സെക്രട്ടറി
1-16	13,05,410/-	ശ്രീ. ചെറിയാൻ ജോർജ്ജ്, സെക്രട്ടറി
1-17	11,39,857/-	ഡോ. ജുനു വി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ചെറിയാൻ ജോർജ്ജ്, സെക്രട്ടറി	സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്	ലതികാ ഭവനം, കല്ലേലിഭാഗം പി ഒ, കരുനാഗപള്ളി
ഡോ ബ്രിജില എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്	ശ്രീനന്ദനം, ചക്കവിള മുക്ക്, കലക്കോട്ടി ഒ,
ഡോ ജുനു വി, മെഡിക്കൽ ഓഫീസർ, PHC	മെഡിക്കൽ ഓഫീസർ, PHC, കുടുംബാരോഗ്യകേന്ദ്രം, എസ്. എൻ. പുരം	അകാശ് ദീപ്, ഓയൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ.കെ.എൽ.എം.പി.11/400(2)/18, 23.02.18	29, 30, 31, 32, 34(1), 35, 39
1998-99	കെ.എസ്.എ.കെ.എൽ.എം.പി.11/400(3)/18, 23.02.18	26 (1), (2), 27 (1), (2), 36, 37,40, 42-2, 37 (സമാഹൃത ഓഡിറ്റ് റിപ്പോർട്ട്)
1999-2000	കെ.എസ്.എ.കെ.എൽ.എം.പി.11/400(4)/18, 23.02.18	2, 2 എ, 2-3 ബി, 9, 25
2000-01	കെ.എസ്.എ.കെ.എൽ.എം.പി.11/400(5)/18, 23.02.18	2, 10, 13, 16, 17, 20
2001-02	കെ.എസ്.എ.കെ.എൽ.എം.പി.11/400(6)/18, 23.02.18	2-1, 2-2, 2-3, 3-2, 3-3, 3-5 (1), (4), 3-5 (5), 3-10, 3-11
2002-03	കെ.എസ്.എ.കെ.എൽ.എം.പി.11/400(7)/18, 23.02.18	2-2, 2-7, 2-8 , 3-1, 3-3, 3-4, 3-5, 3-6,3-7, 3-8
2003-04	കെ.എസ്.എ.കെ.എൽ.എം.പി.11/400(8)/18, 23.02.18	2-3, 3-2, 3-3, 3-4, 3-7
2004-05	കെ.എസ്.എ.കെ.എൽ.എം.പി.11/400(9)/18, 23.02.18	3-1, 3-3, 3-4, 3-5, 3-6
2005-06	കെ.എസ്.എ.കെ.എൽ.എം.പി.11/400(10)/18, 23.02.18	3-6(1), 3-6(2)
2006-07	കെ.എസ്.എ.കെ.എൽ.എം.പി.11/748(1)/19, 31.05.19	2-2, 3-1, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14,3-16, 3-17, 3-18, 3-19
2007-08	കെ.എസ്.എ.കെ.എൽ.എം.പി.11/748(2)/19, 31.05.19	2-1, 2-2, 3-1, 3-2, 3-3, 3-4
2008-09	കെ.എസ്.എ.കെ.എൽ.എം.പി.11/748(3)/19, 31.05.19	2-2, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12
2009-10	കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19	2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7
2010-11	കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19	9 ഖണ്ഡികകൾ
2011-12	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 11-12/360/22, 19.08.22	12 ഖണ്ഡികകൾ
2012-13 & 2013-14	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 12-13 & 13-14/360/22, 19.08.22	18 ഖണ്ഡികകൾ
2014-15	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/14-15/360/22, 19.08.22	10 ഖണ്ഡികകൾ
2015-16	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/15-16/360/22, 19.08.22	22 ഖണ്ഡികകൾ
2016-17	കെ.എസ്.എ.കെ.എൽ.എം.പി11/1543/2017 തീയതി. 11.10.2017	എല്ലാ ഖണ്ഡികകളും
2017-18	കെ.എസ്.എ.കെ.എൽ.എം.പി11/189/2019, തീയതി 27.4.19	എല്ലാ ഖണ്ഡികകളും
2018-19	കെ.എസ്.എ.കെ.എൽ.എം.പി11/398/2020, തീയതി: 07.05.20	എല്ലാ ഖണ്ഡികകളും
2019-20	കെ.എസ്.എ.കെ.എൽ.എം.പി11/1722/2021, തീയതി: 06.06.2022	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ.കെ.എൽ.എം.പി11/1723/2021, തീയതി: 05.07.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ.കെ.എൽ.എം.പി11/1847/2022, തീയതി: 03/12/2022	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ.കെ.എൽ.എം.പി.11/1970/2023, തീയതി – 15.12.2023	16

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 12-06-2024 and submitted on 25-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pavithreswaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pavithreswaram Grama Panchayat as on 31-03-2024

Date: 29/08/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pavithreswaram Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit :-

Ratios, Secretary`s notes.

2) The details of amount shown as capital work in progress not given for verification.

3) The details of amount given in B-4 as other liabilites (Rs. 5,57,328/-) not given for verification.

4) Payment Voucher- Misclassification.

5) Lapses in making timely and accurate demand entries in respect of property tax.

6) Grant liability amount shown as liability in Balance Sheet does not match with bank account opened for the specified grant account.

7) Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

8) The following registers does not match with accounts :-

Loan Register, Advance Register.

9) The bills that were not cashed from treasury is treated as expenditure in Web Saankhya ACR.

10) The details of amount marked as advance to implementing agencies was not given for verification.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്